REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് VD സതീശന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ നാളെ രാവിലെ സത്യപ്രതിജ്ഞ ചെയ്യും.
- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്വീഡൻ സന്ദർശനത്തിന് ഗോഥെൻബർഗിലെത്തും.
- വെള്ളിയുടെ ഇറക്കുമതി തീരുവ കേന്ദ്രം ആറ് ശതമാനത്തിൽ നിന്ന് 15 ശതമാനമായി ഉയർത്തി.
- CBSE ഒമ്പതാം ക്ലാസ് മുതൽ വിദ്യാർത്ഥികൾക്ക് ത്രിഭാഷാ പഠനം നിർബന്ധമാക്കി നിർദേശം പുറപ്പെടുവിച്ചു.
- ആകാശവാണിയുടെ തൊണ്ണൂറാം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് സൈക്ലത്തോൺ.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് VD സതീശന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ നാളെ സത്യപ്രതിജ്ഞ ചെയ്യും. രാവിലെ പത്തിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യവാചകം ചൊല്ലിക്കൊടുക്കും. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ, പ്രിയങ്ക ഗാന്ധി തുടങ്ങിയവർ ചടങ്ങിനെത്തും. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും തമിഴ്നാട് മുഖ്യമന്ത്രി വിജയ് ഉൾപ്പെടെ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

മന്ത്രിസഭാ രൂപീകരണ ചർച്ചകൾ അവസാനഘട്ടത്തിലാണ്. മന്ത്രിമാരുടെ കാര്യത്തിൽ ഇന്ന് തീരുമാനമുണ്ടായേക്കും. മന്ത്രിമാരുടെ പട്ടിക നിയുക്ത മുഖ്യമന്ത്രി VD സതീശൻ ഉച്ചയോടെ ഗവർണർക്ക് കൈമാറുമെന്ന് റിപ്പോർട്ടുകൾ പറയുന്നു.

21 അംഗ മന്ത്രിസഭയിൽ കോൺഗ്രസിന് മുഖ്യമന്ത്രി ഉൾപ്പെടെ 12 മന്ത്രിമാരും, പ്രധാന സഖ്യകക്ഷിയായ മുസ്‌ലിം ലീഗിന് അഞ്ച് മന്ത്രിമാരും ഉണ്ടായേക്കുമെന്നാണ് സൂചന. കേരള കോൺഗ്രസിന് ഒരു മന്ത്രിസ്ഥാനവും ഡപ്യൂട്ടി സ്പീക്കർ അല്ലെങ്കിൽ ചീഫ് വിപ്പ് സ്ഥാനവും ലഭിച്ചേക്കും. RSPക്ക് ഒരു മന്ത്രിസ്ഥാനവും നൽകും. ഏകാംഗ കക്ഷികളിൽ അനൂപ് ജേക്കബിനും, മാണി C കാപ്പനും ടേം വ്യവസ്ഥയിൽ രണ്ടര വർഷം വീതം മന്ത്രി പദം നൽകാനും കോൺഗ്രസ് തീരുമാനിച്ചതായി മാധ്യമ റിപ്പോർട്ടുകൾ പറയുന്നു.

കോൺഗ്രസിൽ നിന്ന് രമേശ് ചെന്നിത്തല, സണ്ണി ജോസഫ്, K മുരളീധരൻ, PC വിഷ്ണുനാഥ്, AP അനിൽകുമാർ, M ലിജു, ബിന്ദു കൃഷ്ണ എന്നിവർ മന്ത്രിമാരായേക്കും എന്നാണ് വിവരം. തിരുവഞ്ചൂർ രാധാകൃഷ്ണനെയാണ് സ്പീക്കർ സ്ഥാനത്തേക്ക് പരിഗണിക്കുന്നത്.

PK കുഞ്ഞാലിക്കുട്ടി, N ഷംസുദീൻ, PK ബഷീർ, KM ഷാജി, പാറക്കൽ അബ്ദുല്ല എന്നിവരാണ് മുസ്ലിം ലീഗിന്റെ സാധ്യതാപട്ടികയിൽ. രാവിലെ ചേരുന്ന മുസ്‌ലിം ലീഗ് നിയമസഭാ കക്ഷി യോഗത്തിന് ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഉണ്ടായേക്കും.

✪✪✪

സത്യപ്രതിജ്ഞാ ചടങ്ങിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെ രാവിലെ ഏഴ് മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. സെൻട്രൽ സ്റ്റേഡിയത്തിലെ ചടങ്ങിൽ പങ്കെടുക്കാൻ എത്തുന്ന MLA മാരുടെയും MP മാരുടെയും വാഹനങ്ങൾ സെക്രട്ടറിയേറ്റിനകത്ത് പാർക്ക് ചെയ്യണം.

മറ്റു വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട്. വിമാനത്താവളത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും വരുന്ന യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണെന്ന് തിരുവനന്തപുരം സിറ്റി പോലീസ് നിർദേശിച്ചു.

✪✪✪

കോൺഗ്രസിലെ മുഖ്യമന്ത്രിയെ തീരുമാനിച്ചത് ജമാഅത്തെ ഇസ്ലാമിയും മുസ്ലിംലീഗുമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. കോൺഗ്രസ് എവിടെയുണ്ടെങ്കിലും അവിടെ അഴിമതിയുണ്ടെന്നും ചന്ദ്രശേഖർ സംസ്ഥാന നേതൃയോഗത്തിൽ പറഞ്ഞു.

✪✪✪

കേരളത്തിലെ യഥാർത്ഥ ജനകീയ പ്രതിപക്ഷമായി NDA പ്രവർത്തിക്കുമെന്ന് BJP സംസ്ഥാന ജനറൽസെക്രട്ടറി MT രമേശ് തിരുവനന്തപുരത്ത് അറിയിച്ചു. ജനങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുന്നത് പാർട്ടിയുടെ ഉത്തരവാദിത്തമായി കാണുമെന്ന് സംസ്ഥാന നേതൃയോഗ തീരുമാനം അറിയിച്ച രമേശ് വ്യക്തമാക്കി.

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കാൻ പുതിയ ഗവൺമെന്റ് തയ്യാറാകണമെന്ന് നേതൃയോഗം രാഷ്ട്രീയ പ്രമേയത്തിൽ ആവശ്യപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്വീഡൻ സന്ദർശനത്തിന് ഗോഥെൻബർഗിൽ എത്തും. സ്വീഡിഷ് പ്രധാനമന്ത്രി ഉൾഫ് ക്രിസ്റ്റേഴ്സണുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും ഹരിത പരിവർത്തനം, നിർമിതബുദ്ധി, സാങ്കേതികവിദ്യകൾ, സ്റ്റാർട്ടപ്പുകൾ,പ്രതിരോധം, ബഹിരാകാശം, കാലാവസ്ഥാ തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ച്ചയിൽ ചർച്ച ആയേക്കും.

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നിനൊപ്പം യൂറോപ്യൻ ബിസിനസ്സ് ലീഡേഴ്സ് ഫോറം, യൂറോപ്യൻ റൗണ്ട് ടേബിൾ ഫോർ ഇൻഡസ്ട്രിയെയും ഇരു പ്രധാനമന്ത്രിമാരും അഭിസംബോധന ചെയ്യും.

✪✪✪

നീറ്റ് ചോദ്യപേപ്പർ ചോർച്ച കേസിലെ മുഖ്യപ്രതിയെന്ന് സംശയിക്കുന്ന PV കുൽക്കർണിയെയും മറ്റൊരു പ്രതി മനീഷ വാഗ്മാരെയും ഡൽഹിയിലെ CBI പ്രത്യേക കോടതി 10 ദിവസത്തേക്ക് CBI കസ്റ്റഡിയിൽ വിട്ടു. കൂടുതൽ ചോദ്യം ചെയ്യലിനായി രണ്ടുപേരെയും ഡൽഹിയ്ക്ക് പുറത്തേക്ക് കൊണ്ടുപോകേണ്ട സാഹചര്യമുണ്ടെന്ന് CBI അറിയിച്ചിരുന്നു. സംഭവത്തിന് പിന്നിലെ ഗൂഢാലോചന വിപുലമാണെന്നും കൂടുതൽ അന്വേഷണ ആവശ്യമാണെന്നും CBI, കോടതിയിൽ വാദിച്ചു.

✪✪✪

വെള്ളിയുടെ ഇറക്കുമതി തീരുവ കേന്ദ്രം ആറ് ശതമാനത്തിൽ നിന്ന് 15 ശതമാനമായി ഉയർത്തി. സ്വതന്ത്ര ഇറക്കുമതി വിഭാഗത്തിൽ നിന്ന് വെള്ളിയെ നിയന്ത്രിത വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഇതോടെ വെള്ളി ഇറക്കുമതി ചെയ്യാൻ ഗവൺമെന്റ് ലൈസൻസ് ആവശ്യമാകും. സിൽവർ പ്ലേറ്റ് ചെയ്ത സ്വർണം, പ്ലാറ്റിനം എന്നിവയ്ക്കും നിയന്ത്രണം ബാധകമാണ്. ഉടൻ പ്രാബല്യത്തിൽ വരുന്ന വിധം വിദേശ വ്യാപാര ഡയറക്ടറേറ്റ് ജനറലാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്.

✪✪✪

CBSE ഒമ്പതാം ക്ലാസ് മുതൽ വിദ്യാർത്ഥികൾക്ക് ത്രിഭാഷാ പഠനം നിർബന്ധമാക്കി നിർദേശം പുറപ്പെടുവിച്ചു. ജൂലൈ ഒന്നിന് നിർദേശം പ്രാബല്യത്തിൽ വരും. മൂന്ന് ഭാഷകളിൽ രണ്ടെണ്ണം ഇന്ത്യൻ മാതൃഭാഷകളായിരിക്കണമെന്നും ബോർഡ് നിർദേശത്തിൽ വ്യക്തമാക്കി. 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെയും, 2023 ലെ സ്കൂൾ ദേശീയ കരിക്കുലം ഫ്രെയിം വർക്കിന്റെയും അടിസ്ഥാനത്തിലാണ് നടപടി.

പത്താം ക്ലാസിൽ മൂന്നാം ഭാഷയ്ക്ക് ബോർഡ് പരീക്ഷ ഉണ്ടാകില്ലെന്നും എല്ലാ വിലയിരുത്തലുകളും പൂർണ്ണമായും സ്കൂൾ അധിഷ്ഠിതമായിരിക്കുമെന്നും CBSE വ്യക്തമാക്കി.

✪✪✪

ഓപ്പറേഷൻ സിന്ദൂറിനെ പറ്റി ഇന്ത്യൻ സേനാമേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടേത് എന്ന തരത്തിൽ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജവും അടിസ്ഥാന രഹിതവുമാണെന്ന് PIB യുടെ വസ്തുതാ അന്വേഷണ യൂണിറ്റ് വ്യക്തമാക്കി. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ തയ്യാറാക്കിയ ഡീപ് ഫേക്ക് വീഡിയോ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി നിർമ്മിച്ചതാണെന്ന് PIB അറിയിച്ചു.

✪✪✪

വെള്ളിയാഴ്ച തിരുവനന്തപുരത്ത് നിന്ന് പുറപ്പെട്ട രാജധാനി എക്സ്പ്രസിന് രാജസ്ഥാനിൽ കോട്ടയ്ക്ക് സമീപം തീ പിടിച്ചു. പുലർച്ചെ അഞ്ച് മണിയോടെയായിരുന്നു അപകടം. രണ്ട് കോച്ചുകൾക്കാണ് തീപിടിത്തമുണ്ടായതെന്നാണ് സൂചന. ആളപായം ഇല്ലെന്നാണ് പ്രാഥമിക വിവരം.

✪✪✪

താമരശ്ശേരി ചുരത്തിന് വീതി വർദ്ധിപ്പിക്കുന്നതിനാൽ ഭാര വാഹനങ്ങളും മൾട്ടി ആക്സിൽ ലോറികളും വഴിതിരിച്ചു വിടുമെന്ന് PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

കോഴിക്കോട്ട് നിന്ന് കൽപ്പറ്റ ഭാഗത്തേക്ക് പോകുന്ന വലിയ വാഹനങ്ങൾ താമരശ്ശേരി ചുങ്കത്തുനിന്ന് തിരിഞ്ഞ് ബാലുശ്ശേരി-കുറ്റ്യാടി വഴി പോകണം. കൽപ്പറ്റയിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ വൈത്തിരി ടൗണിൽനിന്ന് തിരിഞ്ഞ് പടിഞ്ഞാറത്തറ-തരുവണ-കുറ്റ്യാടി വഴിയും പോകേണ്ടതാണ്. ചുരത്തിലൂടെ പോകുന്ന മറ്റു വാഹനങ്ങൾ വേഗം കുറച്ചും

സുരക്ഷിതമായും അതാത് സമയത്തെ നിർദേശങ്ങൾക്കനുസരിച്ച് പോകണമെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

ദേശീയ പാതയിലെ കൂരിയാട് തകർന്ന പാതയ്ക്ക് പകരം നിർമ്മിച്ച വയഡക്ട് ഇന്നലെ ഗതാഗതത്തിന് തുറന്നുകൊടുത്തു. ആറുവരിപ്പാത തകർന്ന് ഒരു വർഷം തികയാനിരിക്കെയാണ് വയഡക്ട് തുറന്നത്.

ഇതോടെ മലപ്പുറം ജില്ലയിൽ രണ്ടുറീച്ചിലും ആറുവരിപ്പാത നിർമാണം പൂർത്തിയായതായി ദേശീയപാതാ ലെയ്സൺ ഓഫീസർ PPM അഷ്റഫ് പറഞ്ഞു. 380 മീറ്റർ നീളത്തിലാണ് പുതിയ വയഡക്ട് പാലം നിർമിച്ചത്.

✪✪✪

ആകാശവാണിയുടെ തൊണ്ണൂറാം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് സൈക്ലത്തോണിന് അൽപ സമയത്തിനകം തുടക്കമാകും.

ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

........വോയ്സ്.........

രാജ്യത്തെ ആകാശവാണി നിലയങ്ങൾ ഒരു വർഷമായി നടത്തി വരുന്ന വിവിധ ആഘോഷ പരിപാടികളുടെ ഭാഗമായാണ് ഇന്നു രാവിലെ തിരുവനന്തപുരത്തു സൈക്ലത്തോൺ സംഘടിപ്പിക്കുന്നത്. ഏഴര മണിക്ക് കവടിയാറിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സൈക്ലത്തോൺ ഫ്ളാഗ് ഓഫ് ചെയ്യും. മാനവീയം വീഥി, പാളയം, ബേക്കറി ജങ്ഷൻ വഴി ആകാശവാണിയിലേക്കാണ് സൈക്ലത്തോൺ. ആകാശവാണി ജീവനക്കാരും പൊതുജനങ്ങളും അടക്കം നൂറോളം പേരാണ് സൈക്ലത്തോണിൽ പങ്കെടുക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഗുജറാത്ത് ടൈറ്റൻസിനെ 29 റൺസിന് തോൽപ്പിച്ചു. കൊൽക്കത്ത ഈഡൻ ഗാർഡൻസിലെ മത്സരം ജയിച്ചതോടെ നൈറ്റ് റൈഡേഴ്സ് പ്ലേ ഓഫ് സാധ്യത സജീവമാക്കി.

ഇന്ന്, പഞ്ചാബ് കിംഗ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. ധർമശാലയിൽ വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം. രണ്ടാം മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL  ഫുട്ബാളിൽ ഡൽഹി സ്പോർട്ടിംഗ് ക്ലബ് അവസാന ഹോം മാച്ചിൽ ഇന്ന് ഇന്റർ കാശിയെ  നേരിടും. വൈകിട്ട് അഞ്ചിന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സംസ്ഥാനത്ത്  അടുത്ത അഞ്ച് ദിവസം മഴ തുടരുമെന്ന്  കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.  ബംഗാൾ ഉൾക്കടലിന് മുകളിൽ സ്ഥിതി ചെയ്യുന്ന ന്യൂനമർദ്ദത്തിന്റെ സ്വാധീനത്താൽ ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്. ഇന്ന് പത്തനംതിട്ട,  മുതൽ  ഇടുക്കി വരെയും, കോഴിക്കോട് മുതൽ കാസർഗോഡ് വരെയും മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ  വരെ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

പ്രധാന ഹജ്ജ് കർമങ്ങൾക്കു ശേഷം നേരത്തെ മടങ്ങി വരാൻ സാധിക്കുന്ന രീതിയിൽ  ഹ്രസ്വ ഹജ്ജ് പാക്കേജിന് ഇന്ന് തുടക്കമാകും. ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ  ഹ്രസ്വ പാക്കേജിലെ ആദ്യ വിമാനം കൊച്ചിയിൽ നിന്ന് ഉച്ചയ്ക്ക് 12.30ന് യാത്ര തിരിക്കും.  ജൂൺ 5 നു തീർത്ഥാടകർ മടങ്ങിയെത്തും. വിമാന സർവീസ് കേന്ദ്ര മന്ത്രി ജോർജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

കരിപ്പൂർ ഹജ്ജ് ക്യാമ്പിൽ നിന്ന് 108 തീർത്ഥാടകരുമായി  അവസാന വിമാനം പുലർച്ചെ യാത്ര തരിച്ചു. ഇതോടെ ക്യാമ്പിന് സമാപനമായി.

✪✪✪

ഇന്ന് ദുൽഹജ്ജ് മാസപ്പിറവി ദൃശ്യമാകുന്നവർ  അറിയിക്കണമെന്ന് പാളയം ഇമാം VP സുഹൈബ് മൗലവി ആവശ്യപ്പെട്ടു. മാസപ്പിറവിയുടെ അടിസ്ഥാനത്തിൽ ബലിപെരുന്നാൾ സംബന്ധിച്ച സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുമെന്നും ഇമാം പറഞ്ഞു.

✪✪✪

ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിവരങ്ങൾ വ്യക്തിപരമാണെന്ന കാരണത്താൽ മറുപടി നൽകാനാവില്ലെന്ന വിവരാവകാശ ഓഫീസർമാരുടെ നടപടി സ്വീകാര്യമല്ലെന്ന് സംസ്ഥാന വിവരവാകാശ കമ്മീഷൻ അറിയിച്ചു. അപേക്ഷകർക്ക് ഈ വിവരം ലഭ്യമാക്കാൻ കോട്ടയത്തെ റീസർവേ അസിസ്റ്റന്റ്

ഡയറക്ടർ ഓഫീസിലേയും, കിഴക്കൻ മേഖലാ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെയും, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് കമ്മീഷണർ TK രാമകൃഷ്ണൻ നിർദേശം നൽകി. കമ്മീഷന്റെ മീനച്ചിൽ താലൂക്ക് സിറ്റിംഗിൽ 18 ഹർജികൾ തീർപ്പാക്കി.

✪✪✪

*News Editor & News reader : അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ്, രജ്ന കെ*
*DEO : സികെ സുബോധ്*